# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.567　　　29.01.2019-ൽ മറുപടിക്ക്**

കെ.എസ്.ഇ.ബി.യുടെ സാമ്പത്തിക ബാദ്ധ്യത

| | ചോദ്യം<br>ശ്രീ. പി.ടി. തോമസ്<br>" വി.ടി.ബൽറാം | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കേരള സംസ്ഥാന വൈദ്യുതി ബോർഡ് എന്നുമുതലാണ് ലിമിറ്റഡ് കമ്പനിയായി മാറ്റിയത്; കമ്പനിയാക്കിയപ്പോൾ വൈദ്യുതി ബോർഡിന് ഉണ്ടായിരുന്ന ബാദ്ധ്യത എത്രയെന്ന് വ്യക്തമാക്കാമോ; ഈ ബാദ്ധ്യതയുടെ ചുമതല സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ എന്ന് വിശദമാക്കാമോ; | (എ) | കേരള സംസ്ഥാന വൈദ്യുതി ബോർഡ് 01-11-2013 മുതലാണ് കമ്പനിയായത്. കമ്പനിയാകുന്ന സമയത്ത് ദീർഘകാലവായ്പയും, ഹ്രസ്വകാല വായ്പയും ചേർത്ത് 5471.07 കോടി രൂപയായിരുന്നു ബാധ്യത. ഈ ബാധ്യത സർക്കാർ ഏറ്റെടുത്തിട്ടില്ല. |
| (ബി) | പുതുതായി രൂപീകരിച്ച കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ തുടക്കത്തിൽ കമ്പനിക്ക് എന്തെങ്കിലും ബാദ്ധ്യത ഉണ്ടായിരുന്നോ എന്ന് വിശദമാക്കാമോ; | (ബി) | ഉണ്ടായിരുന്നു. 31-10-2013-ൽ കേരള സംസ്ഥാന വൈദ്യുതി ബോർഡിന് ഉണ്ടായിരുന്ന ബാധ്യത പുതിയ കമ്പനിയിലേക്ക് മാറ്റുകയായിരുന്നു. |
| (സി) | ഇപ്പോൾ ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് എത്രകോടി രൂപയുടെ ബാദ്ധ്യത ഉണ്ടെന്നും ഇങ്ങനെ ബാദ്ധ്യത ഉണ്ടാകാനുള്ള കാരണം, ഈ ബാദ്ധ്യത കുറയ്ക്കാൻ സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ എന്നിവയും വിശദമാക്കാമോ; | (സി) | 2017-18 സാമ്പത്തികവർഷത്തെ പൂർത്തിയായ ആഡിറ്റ് കണക്ക് പ്രകാരം 31-03-2018 വരെ ദീർഘകാല ഹ്രസ്വകാല വായ്പ ഇനത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് 7432.83 കോടി രൂപ ബാധ്യതയുണ്ട്. കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന്റെ ബാധ്യത വർദ്ധിക്കുവാനുള്ള പ്രധാന കാരണം ചെലവിന് ആനുപാതികമായി വൈദ്യുതചാർജ്ജ് വർദ്ധന നടപ്പിലാകാത്തതും, വൈദ്യുതി ചാർജ്ജ് കുടിശ്ശികയുള്ളതുമാണ്. കൂടാതെ പെൻഷൻ മാസ്റ്റർ ട്രസ്റ്റിന് ബോണ്ടുകൾ നൽകിയതു വഴി 12419 കോടി രൂപയുടെ അധിക ബാധ്യതയുണ്ട്. കെ. എസ്. ഇ. ബോർഡ് ലിമിറ്റഡിന്റെ ബാധ്യത കുറയ്ക്കുന്നതിനായി 30-09-2018 വരെയുള്ള വാട്ടർ അതോറിറ്റിയുടെ കുടിശ്ശികയായ 1326.69 കോടി രൂപ 2019-20 മുതൽ നാല് ഗഡുക്കളായി കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന് നൽകാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (ഡി) | ഒരു യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് ശമ്പള ചെലവിൽ കമ്പനി എത്ര പൈസ ചെലവഴിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ? | (ഡി) | ഒരു യൂണിറ്റ് വൈദ്യുതി വാങ്ങിയും ഉൽപ്പാദിപ്പിച്ചും വിതരണം ചെയ്യുന്നതിന് ശമ്പള ചെലവിൽ കമ്പനിക്ക് 31-03-2018 ലെ കണക്ക് പ്രകാരം 1.08 രൂപ ചെലവാകുന്നുണ്ട്. |

Hemalatha

സെക്ഷൻ ഓഫീസർ